ओ३म्

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)

വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

# ആര്യസന്ദേശം

വെള്ളിനേഴി ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക





പുസ്തകം : 1 ലക്കം : 7 വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5114 മാർഗ്ഗശീർഷം–പൗഷം 1188 ധനു 2012 ഡിസംബർ



## മുഖവാണി

**ഡിസംബർ 23**

ധുനിക ഭാരതത്തിന്റെ വിദ്യാഭ്യാസ രാഷ്ട്രീയ സാമൂഹ്യ നവോത്ഥാന ചരിത്രത്തിൽ അവിസ്മരണീയമായ ഒരു സ്ഥാനമാണ് സ്വാമി ശ്രദ്ധാനന്ദനുള്ളത്. ഒന്നാം സ്വാതന്ത്ര്യ സമരത്തിനു തൊട്ടുമുമ്പുള്ള പ്രക്ഷുബ്ധമായ രാഷ്ട്രീയ അന്തരീക്ഷത്തിൽ പഞ്ചാബിലെ ജലന്ധറിനടുത്തുള്ള “തൽവൻ” എന്ന ഗ്രാമത്തിൽ ജനിച്ച മഹാത്മാ മുൻഷീറാം എന്ന യുവാവിന്റെ ജീവിതത്തിൽ സമൂലമായ ഒരു വഴിത്തിരിവ് ഉണ്ടായത് ഭാരതം കണ്ട ഋഷിവര്യന്മാരിൽ ഒന്നാം നിരയിൽ നിൽക്കുന്ന മഹർഷി ദയാനന്ദന്റെ ദർശനത്തോടെയാണ്. അദ്ദേവുമായുള്ള സമാഗമവും തുടർന്നുള്ള പ്രവർത്തനങ്ങളും മഹാത്മാ മൻഷീറാമിനെ സ്വാമി ശ്രദ്ധാനന്ദനാക്കി മാറ്റി. സ്വാതന്ത്ര്യ സമരത്തിലെ മുന്നണിപ്പോരാളിയും ഭാരതീയ വിദ്യാഭ്യാസ പദ്ധതിയായ ഗുരുകുല സമ്പ്രദായത്തിന്റെ ശക്തനായ



വക്താവും പ്രയോക്താവും ആയിരുന്നു അദ്ദേഹം. ശുദ്ധി പ്രസ്ഥാനത്തിലൂടെ പതിനായിരങ്ങളെ വൈദിക ധർമ്മത്തിലേക്ക് തിരിച്ചുകൊണ്ടുവന്ന അദ്ദേഹത്തിന്റെ 1921ലെ മലബാർ കലാപ സമയത്ത് കേരളത്തിൽ നടത്തിയ സേവാപ്രവർത്തനങ്ങളും വൈക്കം സത്യാഗ്രഹം പോലുള്ള സാമൂഹ്യ നവോത്ഥാന സമരങ്ങളിലെ സാന്നിധ്യവും നമ്മുടെ ചരിത്ര പുസ്തകങ്ങൾ തമസ്കരിച്ചിരിക്കുകയാണ്. 1926 ഡിസംബർ 23 ന് അബ്ദുൾ റഷീദെന്ന ഒരു മതഭ്രാന്തന്റെ വെടിയേറ്റ് രക്തസാക്ഷിത്വം വരിച്ച സ്വാമിജിയുടെ അനുസ്മരണം ആര്യസമാജത്തിന്റെ ആഭിമുഖ്യത്തിൽ ലോകമെമ്പാടും നടക്കുന്ന അവസരത്തിൽ കേരളത്തിനുവേണ്ടി ഒരുപാട് ത്യാഗം ചെയ്ത ഈ മഹാത്മാവിന്റെ പാതപിൻതുടർന്ന് അദ്ദേഹം തുടങ്ങിവെച്ച പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുമെന്ന് ശപഥം ചെയ്ത് നമുക്ക് ഈ അനുസ്മരണം ധന്യമാക്കാം.

**“ഓം കൃണ്വന്തോ വിശ്വമാര്യം”**

**പത്രാധിപർ**

## വേദാദ്ധ്യയനം



**ഉപ ത്വാഗ്നേ ദിവേദിവേ ദോഷാവസ്തർധിയാ വയം।**
**നമോ ഭരന്ത ഏമസി॥** *(ഋഗ്വേദം 1.1.7)*

**പദാർത്ഥാന്വയഭാഷ** : (അഗ്നേ) അല്ലയോ എല്ലാവർക്കും ഉപാസന ചെയ്യാൻ യോഗ്യനായ പരമേശ്വരാ! ഞങ്ങൾ (ദിവേദിവേ) അനേക പ്രകാരത്തിലുള്ള വിജ്ഞാനം ലഭിക്കുന്നതിനായി (ധിയാ) ഞങ്ങളുടെ ബുദ്ധിയും കർമ്മവും കൊണ്ട് അങ്ങയേ (ഭരന്തഃ) ഉപാസിച്ച് ധാരണം ചെയ്ത് (ദോഷാവസ്തഃ) രാത്രിയും പകലും നിരന്തരം (നമഃ) നമസ്കാരാദികൾ ചെയ്ത് (ഉപൈമസി) അങ്ങയുടെ ശരണത്തിന് പ്രാപ്തരാകുന്നു.

**ഭാവാർത്ഥം** : എല്ലാവരേയും കാണുന്നവനും എല്ലാറ്റിലും വ്യാപിച്ചുനിൽക്കുന്നവനുമായ ഉപാസനാ യോഗ്യനായ പരമേശ്വരാ! ഞങ്ങൾ എല്ലാ പ്രവൃത്തികൾ ചെയ്യുമ്പോഴും ഒരു ക്ഷണം പോലുംഅങ്ങയേ മറക്കുന്നില്ല. അതിനാൽ അധർമ്മം ചെയ്യുവാനുള്ള താൽപര്യം ഒരിക്കലും ഉണ്ടാകുന്നില്ല. എന്തെന്നാൽ സർവ്വജ്ഞനും എല്ലാറ്റിനും സാക്ഷിയുമായ പരമേശ്വരൻ ഞങ്ങളുടെ എല്ലാ പ്രവൃത്തികളേയും നോക്കി കാണുകയും ചെയ്യുന്നതിനാലാണ്.

**മനുർഭവഃ ജനയാ ദൈവ്യം ജനം** *(ഋഗ്വേദം 10.53.6)*

**മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!**

*(മുൻ ലക്കത്തിന്റെ തുടർച്ച)*


# കർമ്മ കാണ്ഡമെന്ന യജ്ഞം

*-മഹർഷി ദയാനന്ദ സരസ്വതി*

ത്തിരീയോപനാഷത്തിലും യജ്ഞത്തിന്റെ മഹിമയെ പ്രതിപാദിക്കുന്നുണ്ട് ''തസ്മാദ്വാ ഏതസ്മാദാത്മന ആകാശ സംഭൂതഃ" എന്നു തുടങ്ങുന്ന ബ്രഹ്മാനന്ദവല്ലി ഒന്നാം അനുവാകത്തിലും 'അന്നം ബ്രഹ്മേതി വിജാനാത്' എന്നു തുടങ്ങുന്ന ഭൃഗുവല്ലി രണ്ടാം അനുവാകത്തിലും പറഞ്ഞിരിക്കുന്നതു നോക്കൂ. പരമാത്മാവിന്റെ അനന്ത സാമർത്ഥ്യത്താൽ ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നിവ ഉണ്ടായി. ആ ഭൂമിയിൽ മുൻപറഞ്ഞ രീതി അനുസരിച്ച് ശരീരാദികൾ ഉണ്ടാവുകയും ജീവിക്കുകയും നശിക്കുകയും ചെയ്യുന്നു. ഇവിടെ അന്നം ബ്രഹ്മമാണെന്നും ബ്രഹ്മം അന്നമാണെന്നും പറയുന്നു. കാര്യം കാരണത്തിൽ തന്നെ ചേരുന്നതുകൊണ്ടാണ് അങ്ങനെ പറഞ്ഞിരിക്കുന്നത്. എല്ലാ ജീവികളുടേയും ജീവിതത്തിന്റെ മുഖ്യ സാധനം അന്നമായതിനാലും അന്നത്തെ ബ്രഹ്മമെന്നു പറഞ്ഞിരിക്കുന്നു. ഹോമം കൊണ്ടു വായുവും ജലവും ഔഷധിയും ശുദ്ധമാകുമ്പോൾ ലോകർക്കു സുഖം കിട്ടുന്നു. അവ അശുദ്ധമായാൽ ദുഃഖവും ഉണ്ടാകുന്നു. അവ ശുദ്ധമാക്കി വയ്ക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്.

ഇവയെ ശുദ്ധമാക്കാൻ രണ്ടു രീതികളാണ് അവലംബിച്ചിട്ടുള്ളത്. ഒന്ന് ഈശ്വരൻ ചെയ്യുന്നതും മറ്റേത് ജീവികൾ ചെയ്യുന്നതും. സൂര്യൻ, സുഗന്ധിത പുഷ്പങ്ങൾ തുടങ്ങിയവ സൃഷ്ടിച്ച് ഈശ്വരൻ തന്റെ കർമ്മം നിർവ്വഹിക്കുന്നു. യജ്ഞം ചെയ്ത് മനുഷ്യനും അവരവരുടെ കർത്തവ്യം നിർവ്വഹിക്കണം. എല്ലാവർക്കും ഉപകാരപ്രദമായ യജ്ഞം ചെയ്യുന്നില്ലെങ്കിൽ മനുഷ്യന്ദോഷമേ ഉണ്ടാവുകയുള്ളൂ. മനുഷ്യർ തിങ്ങിപ്പാർക്കുന്നിടത്ത് ദുർസന്ധം കൂടുതലുണ്ടാകും. അത് മനുഷ്യർ കാരണമായി ഉണ്ടാകുന്നതാണ്. പശുപക്ഷിജീവജാലങ്ങളെക്കൊണ്ടും ദുർഗന്ധം ഉണ്ടാകാം. അതിനും കാരണക്കാർ മനുഷ്യരാണ്. മനുഷ്യർ തങ്ങളുടെ സുഖത്തിനു വേണ്ടിയാണ് ഇവയെ വളർത്തുന്നത്. അതിനാൽ അമ്മാതിരി ദുർഗന്ധങ്ങളെ നിവാരണം ചെയ്യേണ്ടത് മനുഷ്യരുടെ കടമയാണ്.

നെയ്യ്, പായസം, കസ്തൂരി തുടങ്ങിയ വസ്തുക്കൾ കത്തിച്ചു കളയുന്നതിനേക്കാൾ നല്ലത് അത് മനുഷ്യർക്ക് ഭക്ഷിക്കാൻ കൊടുക്കുന്നതല്ലേ? അത് ഹോമത്തേക്കാൾ കൂടുതൽ പ്രയോജനം ചെയ്യുന്നതല്ലേ എന്ന ചോദ്യം ഉണ്ടാകാം. ഈ സംശയം ശരിയല്ല. കാരണം ഒരു വസ്തുവിനും നാശം ഉണ്ടാകുന്നില്ല. അവയ്ക്ക് വിയോഗം അഥവാ വിശ്ലേഷണം മാത്രമേ സംഭവിക്കുന്നുള്ളൂ. നാശം എന്ന വാക്ക് 'ണശ് അദർശനേ' എന്ന ധാതുവിൽ നിന്നാണുണ്ടായത്. വസ്തുവിന്റെ അദർശനം അതായത് സ്ഥൂലമായി കാണപ്പെടുന്ന വസ്തു പിന്നീട് കാണപ്പെടാതിരിക്കുക മാത്രമേ സംഭവിക്കുന്നുള്ളൂ. വസ്തുക്കൾ കത്തി അണുക്കളായി മാറി കഴിഞ്ഞാൽ പിന്നെ അവ കാണപ്പെടുന്നില്ല. അതാണ് നാശം എന്ന് പറയുന്നത്. അല്ലാതെ ഒരു വസ്തുവിന്റേയും അഭാവം ഒരിക്കലും ഉണ്ടാവുകയില്ല. സുഗന്ധവസ്തുക്കൾ കത്തി ഉണ്ടാകുന്ന അണുക്കൾ ദുർഗന്ധത്തിന്റെ അണുക്കളെ പാടെ തുടച്ചുമാറ്റുകയാണു ചെയ്യുന്നത്. *(തുടരും)*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ധർമ്മ പാഠങ്ങൾ

(വൈദിക ധർമ്മ പ്രശ്നോത്തരി)

***- പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി***

***തർജ്ജമ: കെ.എം. രാജൻ***

## പാഠം – 4
## ധർമ്മം

**ചോദ്യം** : ധർമ്മത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാമാണ്? അതിനാൽ അവ എല്ലാ മനുഷ്യർക്കും ധാരണം ചെയ്യാമല്ലോ.

**ഉത്തരം** : മനുസ്മൃതിയിൽ ധർമ്മത്തിന് 10 ലക്ഷണങ്ങളുള്ളതായി മഹാരാജ മനു പറയുന്നു.

ധൃതിഃ ക്ഷമാ ദമോസ്തേയം ശൗചമിന്ദ്രിയനിഗ്രഹഃ
ധീർവിദ്യാ സത്യമക്രോധോ ദശകം ധർമ്മലക്ഷണം

1. **ധൃതി** : ധൈര്യം, കഷ്ടത വന്നാൽ പോലും അടിപതറാതെ നിൽക്കാനാവുക.
2. **ക്ഷമ** : ഒരപരാധിക്ക് ചുരുങ്ങിയത് മൂന്ന് തവണയെങ്കിലും മാപ്പ് നൽകാനുള്ള ക്ഷമത.
3. **ദമഃ** : മനസ്സിനെ നിയന്ത്രിച്ചു നിർത്താനുള്ള ശക്തി.
4. **അസ്തേയം** : അന്യരുടെ സാധനങ്ങൾ മോഷ്ടിക്കുകയോ അത്തരത്തിലുള്ള വിചാരം മനസ്സിൽ പോലും വിചാരിക്കാതിരിക്കുക.
5. **ശൗചം** : എല്ലായ്പ്പോഴും പവിത്രനായിരിക്കുക. ദിവസവും സ്നാനം, വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കുക, തങ്ങളുടെ പരിസരം വൃത്തിയായി വക്കുക, മനസ്സിനേയും വാക്കിനേയും എല്ലായ്പ്പോഴും പവിത്രമാക്കിവക്കുക.
6. **ഇന്ദ്രിയനിഗ്രഹ:** : കണ്ണുകൾ, ചെവി, വാക്ക് എന്നീ ഇന്ദ്രിയങ്ങൾ നിയന്ത്രണത്തിൽ കൊണ്ടുവരിക. അവക്കടിമപ്പെടാതെ ഇരിക്കുക.
7. **ധീഃ** : സ്വന്തം ബുദ്ധിയേ വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുക. കഞ്ചാവ് , മറ്റ് മയക്കുപദാർത്ഥങ്ങൾ, മദ്യം എന്നിവയുടെ ഉപഭോഗം ബുദ്ധിമാന്ദ്യത്തിന് കാരണമാവുന്നു. അതിനാൽ അവയേ വർജ്ജിക്കണം.
8. **സത്യം** : എപ്പോഴും സത്യം പറയുക. എന്തു പ്രലോഭനമോ ആപത്തോ വന്നാൽ പോലും അസത്യം പറയാതിരിക്കുക. ശാസ്ത്രങ്ങൾ പറയുന്ന സത്യമാണ് ഏറ്റവും വലിയ ധർമ്മമെന്നും കള്ളം പറയുന്നത് മഹാപാപമാണെന്നും ഓർക്കുക:

നാസ്തി സത്യാത്പരോധർമ്മഃ നാനൃതാത് പാതകംപരം

ഇതിന്റെ അർത്ഥം മുകളിൽ പറഞ്ഞിട്ടുണ്ട്. മര്യാദാ പുരുഷോത്തമനായിരുന്ന ശ്രീരാമചന്ദ്രൻ, സത്യവാദിയായിരുന്ന രാജാ ഹരിശ്ചന്ദ്രൻ, മഹർഷി ദയാനന്ദ സരസ്വതി, സ്വാമി ശ്രദ്ധാനന്ദൻ, മഹാത്മാ ഗാന്ധി എന്നിവർ സത്യത്തിന്റെ പേരിലാണ് ലോക പ്രശസ്തരായി തീർന്നത്. ഈ മഹാപുരുഷന്മാരേപ്പോലെ സദ്യവാദികളാകുമെന്ന് ദൃഢപ്രതിജ്ഞ എടുക്കുക.

9. **അക്രോധം** : ക്രോധം അഥവാ കോപം ഇല്ലാതിരിക്കുക.

☞

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ** *(യജു. 40–2)*

**നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊ് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

ക്രോധത്താൽ ബുദ്ധിനാശം സംഭവിക്കുന്നു. എന്താണ് ചെയ്യേണ്ടതും ചെയ്യരുതാത്തതുമെന്നും വിവേചിച്ചറിയാതാവുക. മാതാപിതാക്കൾ, ഗുരുക്കന്മാർ, മഹാപുരുഷന്മാർ എന്നിവരേപ്പോലും കോപത്താൽ അപമാനിക്കാനിടയുണ്ട്. മറ്റുള്ളവരുടെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന ശബ്ദങ്ങളും, പദങ്ങളും അവരുടെ വായിൽനിന്നും വരാം. പിന്നീട് അവർക്ക് പശ്ചാത്തപിക്കേണ്ടതായും വരുന്നു. അതിനാൽ ക്രോധത്തിൽ നിന്നും എപ്പോഴും സ്വയം രക്ഷപ്പെടണം അഥവാ അതിനായി ശ്രമിക്കണം. തണുത്ത വെള്ളം കുടിക്കുകയോ ഇരിക്കുന്ന സ്ഥലത്ത് നിന്ന് മറ്റ് സ്ഥലത്തേക്ക് മാറുകയോ ചെയ്താൽ ക്രോധം ചിലപ്പോൾ ശമിച്ചേക്കും.

ഇവയാണ് ധർമ്മത്തിന്റെ പത്ത് ലക്ഷണങ്ങൾ. മനുഷ്യർക്ക് ഉന്നതിയും മറ്റുള്ളവരുടെ സ്നേഹാദാരങ്ങളും ശാന്തിയും ലഭിക്കാൻ ഇവ ആചരിക്കണം.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*




**ചോദ്യം** : വേദങ്ങളെ നാലായി ഭാഗിച്ചിരിക്കുന്നത് എന്തിന്?

**ഉത്തരം** : വിഭിന്ന വിദ്യകളെ അറിയുന്നതിന്. "ഋഗ്ഭിസ്തുവന്തി, യജുഭിർയജന്തി, സാമഭിർഗായന്തി, ഋഗ്വേദത്തിൽ സർവ്വ വസ്തുക്കളുടേയും ഗുണങ്ങൾ പ്രകാശിതമാണ്. വസ്തുക്കളെ അറിഞ്ഞു അവയെ പ്രയോഗിക്കുന്നതിനാവശ്യമായ ജ്ഞാനം ലഭിക്കണം. പ്രത്യക്ഷ ജ്ഞാനമില്ലാതെ സംസ്കാരവും കർമവും ആരംഭിക്കാനാവുകയില്ല. ആരംഭമില്ലാത്ത മനുഷ്യജന്മം വ്യർത്ഥമായിപ്പോകുന്നു. അതു ഋഗ്വേദത്തെ പ്രഥമ വേദമായി എണ്ണുന്നു. യജുർവേദത്തിൽ ക്രിയാ പദ്ധതിയുടെ വിധാനമാണ്. ഋഗ്വേദത്തിൽ ഗുണങ്ങൾ എണ്ണിയത് പോലെ അനേകം വിദ്യകളെ ശരിയായി പ്രതിപാദിച്ചു വ്യവഹാരികമായ പദാർത്ഥങ്ങളുടെ ഉപയോഗവും പ്രയോജനവും യജുസ്സിൽ വിവരിക്കുന്നു. ഇതിൽ നിന്നും ജനങ്ങൾക്കു നാനാ പ്രകാരത്തിലുള്ള സുഖങ്ങൾ കൈവരുന്നു. വിധി പൂർവ്വകമായി ക്രിയകൾ അനുഷ്ഠിക്കാതെ ഗുണദോഷങ്ങൾ അറിയാറാവുകയില്ല. അറിയുകയും പറയുകയും ചെയ്യുന്നതുപോലെ അനുഷ്ഠിക്കുകയും വേണം. അപ്പോൾ മാത്രമേ ജ്ഞാനത്തിന്റെ ഫലവും ജ്ഞാനിയുടെ മഹത്വവും വെളിവാവുകയുള്ളൂ".

"ഗുണജ്ഞാനം നേടാനാവുന്ന പ്രതിപാദ്യത്താൽ ഋഗ്വേദത്തെ ഒന്നാമത്തേതായും പദാർത്ഥങ്ങളുടെ ഗുണജ്ഞാനം നേടിയ ശേഷം ക്രിയാ രൂപിയായ കർമ സംവിധാനം നൽകി ജഗത്തിന്റെ ഇച്ഛാസിദ്ധിയ്ക്കു ഉപയോഗമാവുന്നതിനാൽ യജുർവേദത്തെ രണ്ടാമത്തേതായും എണ്ണി. ജ്ഞാനം, കർമ്മം, ഉപാസന എന്നിവയുടെ ഫലം എവിടെ എത്ര വരെ ലഭിക്കും എന്നതിന്റെ വിധാനം സാമവേദത്തിൽ ഉള്ളതിനാൽ അതിനെ മൂന്നാമത് ഗണിച്ചു.

ഈ മൂന്നിലുള്ള വിദ്യകളുടെ ശേഷം ഭാഗങ്ങളുടെ പൂർണ്ണമായ വിധാനം സർവ വിദ്യാരക്ഷക്കും സംശയ നിവർത്തിക്കുമായി അഥർവ വേദത്തിൽ വിവരിച്ചിട്ടുള്ളതിനാൽ അതിനെ നാലമത്തേതായി എണ്ണി. ഗുണജ്ഞാനം, ക്രിയാവിജ്ഞാനം, അതിന്റെ ഉയർച്ച, സംരക്ഷണം എന്നിവയെ യഥാക്രമം പൂർവാപരക്രമത്തിൽ അറിഞ്ഞുകൊള്ളണം. അതായത് ജ്ഞാനകാണ്ഡം ഋഗ്വേദത്തിലും, കർമ്മകാണ്ഡം യജുർവേദത്തിലും, ഇവയുടെ ഉന്നതി സാമവേദത്തലും, ശേഷമുള്ളവയുടെ രക്ഷയും പ്രകാശനവും അഥർവ വേദത്തിലും സംവിധാനം ചെയ്തിരിക്കുന്നതിനാൽ ഇവയെ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന്, നാല്, എന്നിങ്ങനെ ഗണിച്ചിരിക്കുന്നു. ഋച്=സ്തുതൗ (സ്തുതിക്കുക എന്നർത്ഥത്തിൽ ഋച് ധാതു) യജ്=ദേവപൂജാ സംഗതികരണേ ദാനേഷു (ദേവപൂജ, ഒത്തൊരുമിക്കൽ, ദാനം എന്നീ അർത്ഥങ്ങളിൽ യജ് ധാതു) ഷോ അന്തകർമണി (അന്തകർമം എന്ന അർത്ഥത്തിൽ ഷോ ധാതു) ഥർവതിശ്ചരതി കർമാ അത് പ്രതിഷേധാ (നിരുക്തം 11-19) ചർസംശയേ എന്നിത്യാദി ധാതുക്കളിൽ നിന്നു ഋഗ്വേദാദി ചതുഷ്ടയങ്ങളുടെ നാമങ്ങൾ ലഭിക്കുന്നു. അഥർവ ശബ്ദം സംശയനിവാരണം എന്ന അർത്ഥത്തിലാണല്ലോ സ്വീകരിച്ചിട്ടുള്ളത്. ധാതുവിന്റെ ഗണനയിലും വേദങ്ങളെ യഥാക്രമം പരിഗണിച്ചിരിക്കുന്നു.

"പരമകരുണാമയനായ ഈശ്വരൻ സുഗമശബ്ദങ്ങളാൽ സർവിദ്യകളുടേയും ഉദ്ദേശത്തേ ഉപദേശിച്ചിരിക്കുന്നു എന്ന് അറിയുക". ("വേദപര്യടനം" ആചാര്യനരേന്ദ്രഭൂഷൺ, ആർഷനാദം വൈദികസാഹിത്യ പരിഷത് പ്രകാശനം, ചെങ്ങന്നൂർ കേരളം 1973 എന്ന ഗ്രന്ഥത്തിന്റെ തമിഴ് ഭാഷാന്തര കൈയ്യെഴുത്തു പ്രതിയിൽ നിന്ന്).

മഹർഷി ദയാനന്ദന്റെ വേദഭാഷ്യം ശരിതന്നെ എന്ന് യോഗി അരവിന്ദനും ഉറപ്പിച്ചു പറഞ്ഞു. (അരബിന്ദോ ഘോഷ് ''നമ്മുടെ ജീവിതത്തെ കുറിച്ചു മനസ്സിലാക്കണമെങ്കിൽ എപ്പോഴും ഉള്ളതായ (നിത്യമായ) മൂന്നു അടിസ്ഥാന വിഷയങ്ങളെ നാം അറിയുക തന്നെ വേണം. ഈശ്വരൻ, പ്രകൃതി, ജീവാത്മാ, എന്നുള്ള ഈ മൂന്നു നിത്യതത്വങ്ങളെ ദയാനന്ദൻ വേദങ്ങളിൽ നിന്നു ഉദ്ധരിച്ചു തന്നിട്ടുണ്ട്. വേദം നമുക്ക് ഈശ്വരനെ വെളിപ്പെടുത്തുന്നു. പ്രകൃതി നിയമങ്ങളെ വെളിപ്പെടുത്തുന്നു. പ്രകൃതിയോടും ഈശ്വരനോടും ജീവാത്മാക്കളായ നമുക്കുള്ള ബന്ധത്തെ വെളിപ്പെടുത്തുന്നു എന്നു ദയാനന്ദൻ വേദത്തെക്കുറിച്ചു പറയുമ്പോൾ, വേദം ഈശരീയ ജ്ഞാനം അല്ലാതെ വേറെ എന്താണ്"?

(തുടരും)

☞

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*തർജ്ജമ: കെ.എം. രാജൻ*

**ആമുഖം**

19ാം നൂറ്റാണ്ടിലെ സാമൂഹ്യനവോത്ഥാന നായകനും വേദപണ്ഡിതനും മികച്ച വാഗ്മിയുമായിരുന്ന മഹർഷി ദയാനന്ദ സരസ്വതി തന്റെ ദേശാടന കാലത്ത് അനേകായിരം പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ അവയിൽ ബഹുഭൂരിപക്ഷവും ലിപിബദ്ധമായി അച്ചടിച്ചു വന്നിട്ടില്ല. മഹർഷി 1875 ജൂലായ് 4 മുതൽ ആഗസ്ത് 4 വരെ പൂനേയിൽ നടത്തിയ 15 പ്രഭാഷണങ്ങളുടെ ഒരു സമാഹാരമാണ് ഉപദേശമഞ്ജരി അഥവാ പൂനാപ്രവചനം എന്ന പേരിൽ അറിയപ്പെടുന്നത്. അതിന്റെ മലയാളതർജ്ജമയാണ് ഇവിടെ കൊടുക്കുന്നത്. വിഖ്യാത ആര്യപണ്ഡിതൻ ഡോ. ഭവാനിലാൽ ഭാരതീയ് ഹിന്ദിയിൽ തയ്യാറാക്കിയ 'പൂനാപ്രവചൻ' എന്ന ഹിന്ദി ഗ്രന്ഥവും പണ്ഡിറ്റ് സത്യപ്രകാശ് ബീഗുവിന്റെ Sermons Delivered by Maharshi Dayanand Saraswathi എന്ന ഇംഗ്ലീഷ് ഗ്രന്ഥവും ഈ തർജ്ജക്ക് സഹായിച്ചിട്ടുണ്ട്. വൈദിക മേഖലയിൽ ഒരു വിചാരവിപ്ലവത്തിന് തിരികൊളുത്തിയ ഈ അനശ്വര പ്രഭാഷണങ്ങൾ കൈരളിക്ക് പരിചയപ്പെടുത്താനുള്ള ഒരു എളിയ ശ്രമം മാത്രമാണിവിടെ ചെയ്യുന്നത്.

**ഒന്നാം പ്രഭാഷണം**

(പൂനെയിലെ ബുധവാർ പേട്ടിൽ 'ഭിഡേ ഹാളി'ൽ1875 ജൂലായ് 4 ന് രാത്രി സമയത്ത് നടത്തിയ പ്രഭാഷണത്തിന്റെ സാരാംശം)

**ഈശ്വരസിദ്ധി**

ഓം ശന്നോ മിത്ര ശംവരുണഃ ശംനോ ഭവത്വര്യമാ।
ശംന ഇന്ദ്രോ ബൃഹസ്പതിഃ ശന്നോവിഷ്ണുരുരുക്രമഃ॥

*(ഋഗ്വേദം: 1.90-9)*

നമോ ബ്രഹ്മണേ നമസ്തേ വായോ ത്വമേവ പ്രത്യക്ഷം ബ്രഹ്മാസി। ത്വാമേവ പ്രത്യക്ഷം ബ്രഹ്മവദിഷ്യാമി। ഋതം വദിഷ്യാമി। സത്യം വദിഷ്യാമി। തൻമാമവതു। തത് വക്താരമവതു। അവതുമാം। അവതു വക്താരം॥

*(തൈത്തിരീയ ഉപനിഷത് ശിക്ഷാവല്ലി 1.1)*

ഈ മന്ത്രങ്ങൾ ചൊല്ലിയ ശേഷം സ്വാമിജി പറഞ്ഞു. 'ഓം' എന്നത് ഈശ്വരന്റെ സർവ്വോത്കൃഷ്ട നാമമാണ്. എന്തെന്നാൽ ഇതിൽ എല്ലാ ഗുണഗണങ്ങളും അടങ്ങിയിരിക്കുന്നു. ആദ്യമായി നമുക്ക് ഈശ്വരനേ അറിയണം. അതിനുശേഷം ധർമ്മത്തേ വിവരിക്കുന്നതാണ് നല്ലത്. എന്തെന്നാൽ 'സതി കുഡ്യേ ചിത്രം' എന്ന ന്യായമനുസരിച്ച് ഈശ്വരനേക്കുറിച്ച് അറിയാതെ ധർമ്മവ്യാഖ്യാനം സാധ്യമല്ല.

സപര്യഗാച്ഛുക്രമകായ മവ്രണ മസ്നാവിരം ശുദ്ധമപാപവിദ്ധം। കവിർമനീഷി പരിഭൂഃ

സ്വയംഭൂര്യഥാതഥ്യതോർത്ഥാൻവ്യദധാച്ഛാശ്വതീഭ്യഃസമാഭ്യഃ॥

*(യജുർവേദം 40.8)*




ന തസ്യ കാര്യകാരണം ച (വിദ്യതേ തൽ സമശ്ചാ ഭ്യധികശ്ചദൃശ്യതേ)।
പരാസ്യ ശക്തിർവിവിധൈവ ശ്രൂയതേ സ്വാഭാവികീ ജ്ഞാനബലക്രിയാച॥

*(ശ്വേതാശ്വതര ഉപനിഷത് 6.8)*

ഈ വാക്യമുദ്ധരിച്ചു കൊണ്ട് സ്വാമിജി പ്രഭാഷണം തുടങ്ങി.

ഈ വിവരിച്ച മന്ത്രങ്ങളിൽ പറയുന്ന ഈശ്വരന്റെ ഗുണഗണങ്ങൾ ജഡവസ്തുക്കളിലില്ല. അതിനാൽ ജഡപൂജ നിഷിദ്ധമാണ്. ഇനി രാവണനെപ്പോലുള്ള ദുഷ്ടശക്തികളെ നിഗ്രഹിക്കാനായും ഭക്തന്മാർക്ക് മോക്ഷം നൽകുന്നതിനുമായി ഈശ്വരൻ അവതരിക്കുമെന്ന് ആരെങ്കിലും സംശയം പ്രകടിപ്പിക്കാനിടയുണ്ട്. എന്നാൽ ഈശ്വരൻ സർവ്വശക്തിമാനാണ്. അതിനാൽ അദ്ദേഹത്തിന് അവതാരമെടുക്കേണ്ട ആവശ്യമില്ല. കേവലം അത്തരമൊരിച്ഛ കൊണ്ടുതന്നെ ഈശ്വരന് രാവണാദികളെ നശിപ്പിക്കാൻ കഴിയും. അതേ പോലെ ഭക്തന്മാർക്ക് ആരാധിക്കാനായി ഈശ്വരന്റെ ഒരു രൂപം ആവശ്യമാണെന്ന് ചിലർ കരുതാനിടയുണ്ട്. ഇതും ശരിയല്ല. നമ്മുടെ ശരീരത്തിലുള്ള ജീവാത്മാവിനും രൂപമില്ല. ഇത്തരം രൂപമില്ലാത്ത ആത്മാവിന് മറ്റുള്ളവരെ തിരിച്ചറിയുന്നതിന് യാതൊരു ബുദ്ധിമിട്ടും അനുഭവപ്പെടുന്നില്ലല്ലോ. കേവലം നേരിട്ട് കണ്ടിട്ടല്ല എങ്കിൽപ്പോലും അവരുടെ വിശേഷണങ്ങളിലൂടെ നാം അവരെ മനസ്സിലാക്കുന്നു. ഇതേപോലെ ഈശ്വരന്റെ കാര്യത്തിൽ സംഭവിക്കുന്നില്ല എന്നു പറയുന്നതു ശരിയല്ല. ഇതുപോലെ മനസ്സിനും രൂപമില്ല. മനസ്സിലൂടെ ഈശ്വരനെ ഗ്രഹിക്കാവുന്നതാണ്. അദ്ദേഹത്തേ ജഢേന്ദ്രിയങ്ങളാൽ കണ്ടെത്താൻ ശ്രമിക്കുന്നത് നിരർത്ഥകമാണ്.

*(തുടരും)*

***ആര്യൻ നമ്മുടെ പേരാണ് !***
***വേദം നമ്മുടെ മതമാണ് !***
***യജ്ഞം നമ്മുടെ കർമ്മമമാണ് !***
***സത്യം നമ്മുടെ വ്രതമാണ് !***
***സേവനം നമ്മുടെ ലക്ഷ്യമാണ് !***

***Be a part of Veda Prachar by distributing Vedic Literatures and donate liberally for that***

**Arya Sandesam**
**Bank Account No: 4264000100072426**
IFSC Code : PUNB 0426400
**Punjab National Bank- Cherpalcheri Branch**

**Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi, Palakkad - 679504. Chief Editor: Sri. K. Velayudha Arya. Editor: T.R. Balachandran Nair. Advisory Board: Acharya Kizhanellur Parameswaran Namboodiri, Acharya Aryabhaskarji, Vanaprasthi Raju Poonjar, K.K. Jayan, V. Govinda Das, C.V. Santhosh, Dr. K. Gopalakrishnan, S. Sreedhara Sharma. For private circulation among members only. E-mail: aryasandesam@gmail.com**
**Visit us : aryasandesam.blogspot.in**